LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്തിന്റെ വികസനത്തിന് ഗണ്യമായ സംഭാവനകൾ നൽകാൻ കഴിയുന്ന വിഴിഞ്ഞം ഇറമുഖ പദ്ധതിയുടെ പ്രാധാന്യം മനസ്സിലാക്കി പദ്ധതിയെ സംസ്ഥാന സർക്കാരിന്റെ വിവിധ കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മിഷൻ 676 ലും നവരത്ന പദ്ധതിയിലും വിഴിഞ്ഞം പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് സ്കീമിൽ കേന്ദ്ര സർക്കാരിൽ നിന്ന് 817.8 കോടി രൂപയുടെ ധനസഹായം ലഭിക്കുന്നതിനായി കേന്ദ്ര ധനമന്ത്രാലയത്തിന്റെ തത്ത്വത്തിലുള്ള അംഗീകാരം (In Principle Approval) 2015 ഫെബ്രുവരി 3-ാം തീയതി ലഭിച്ചു.

(സി) പദ്ധതി നടത്തിപ്പിനുള്ള ടെൻഡർ നടപടികൾ പൂർത്തിയായി. തെരഞ്ഞെടുക്കപ്പെട്ട കൺസഷനയർ ആയ അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡുമായി സംസ്ഥാന സർക്കാർ 2015 ആഗസ്റ്റ് 17-ാം തീയതി കരാർ ഒപ്പുവച്ചു. പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഡിസംബർ 5-ാം തീയതി ആരംഭിക്കുന്നതാണ്.

പൊന്നാനി വാണിജ്യ ഇറമുഖത്തിന്റെ നിർമ്മാണ പുരോഗതി

176 (184) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഇറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊന്നാനി വാണിജ്യ ഇറമുഖത്തിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ ;

(ബി) എന്തെല്ലാം നിർമ്മാണ പ്രവൃത്തികളാണ് ഇതുവരെ പൂർത്തിയാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ&ബി) പൊന്നാനി വാണിജ്യ ഇറമുഖത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് 85 മീറ്റർ Retention Wall-ന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്.

വിഴിഞ്ഞം പദ്ധതിയുടെ നിർമ്മാണ ഉദ്ഘാടനം

177 (185) ശ്രീ. സി. എഫ്. തോമസ് :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. ടി. യു. കുരുവിള :
ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഇറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിർമ്മാണ ഉദ്ഘാടനത്തിന് ഒരുങ്ങുന്ന സ്വപ്നപദ്ധതിയായ വിഴിഞ്ഞം മദർപോർട്ട് എന്തെല്ലാം പ്രതിസന്ധികളെതരണം ചെയ്താണ് യാഥാർത്ഥ്യമാക്കുന്നത് എന്ന് വ്യക്തമാക്കുമോ ;

(ബി) നിശ്ചിത കാലയളവിനുള്ളിൽ പ്രസ്തുത തുറമുഖത്തിന്റെ പ്രവർത്തനം പൂർത്തിയാകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനായി താഴെപ്പറയുന്ന പ്രതിസന്ധികൾ തരണം ചെയ്യുകയും മറ്റ് സത്വര നടപടികൾ സ്വീകരിക്കുകയും ചെയ്തു.

1. പാരിസ്ഥിതിക അനുമതി : ഏതാണ്ട് രണ്ടു വർഷത്തോളം നീണ്ടു നിന്ന പാരിസ്ഥിതിക ആഘാത പഠനത്തിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര പാരിസ്ഥിതി മന്ത്രാലയം 2014 ജനുവരി 3-ന് പാരിസ്ഥിതിക അനുമതി ലഭ്യമാക്കി.

2. ഭൂമി ഏറ്റെടുക്കൽ : വിഴിഞ്ഞം തുറമുഖ പദ്ധതിക്ക് വേണ്ടി ഇതുവരെ മൊത്തം 280.28.964 ഏക്കർ ഭൂമി ഏറ്റെടുത്തിട്ടുണ്ട്.

3. പദ്ധതി പ്രദേശത്തെ പുനരധിവാസം : വിഴിഞ്ഞം തുറമുഖ പദ്ധതി വികസനവുമായി ബന്ധപ്പെട്ട് പുനരധിവാസം ആവശ്യമായി വരുന്നവരെ സ്ഥലവും വീടും നഷ്ടപ്പെടുന്നവർ, തൊഴിൽ ബാധിക്കുന്നവർ എന്നിങ്ങനെ രണ്ടു വിഭാഗങ്ങളായി തരം തിരിക്കുകയും അവർക്ക് നഷ്ടപരിഹാരം നൽകുന്ന നടപടികൾ സ്വീകരിച്ചു വരികയുമാണ്.

4. ഇതിനോടൊപ്പം തന്നെ കേന്ദ്ര സർക്കാരിന്റെ അനുമതിയോടുകൂടി വയബിലിറ്റി ഗ്യാപ്പ് ഫണ്ടിന് (V.G.F.) അംഗീകാരം ലഭ്യമാക്കുകയും പങ്കാളിയെ കണ്ടെത്തുന്നതിനുള്ള ശ്രമങ്ങൾ പൂർത്തീകരിക്കുകയും ചെയ്തു.

5. തുറമുഖത്തിന് ആവശ്യമായ ജലം (3.3 MLD) എത്തിക്കുന്നതിനുള്ള പദ്ധതി പൂർത്തിയാക്കി. ഇതുകൂടാതെ വൈദ്യുതി എത്തിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു.

(ബി) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി 4 വർഷ കാലയളവിനുള്ളിൽ പൂർത്തിയാക്കേണ്ടതിലേയ്ക്കുള്ള കരാറാണ് സർക്കാർ അംഗീകരിച്ചിട്ടുള്ളത്. ഇതിനായി തെരഞ്ഞെടുക്കപ്പെട്ട കൺസഷനയറായ അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡുമായി സംസ്ഥാന സർക്കാർ 2015 ആഗസ്റ്റ് 17-ാം തീയതി ഒപ്പു വച്ചു.

LIBRARY ARCHIVES Kerala Legislative Assembly

നാല് വർഷം കൊണ്ട് കൺസഷനയർ ഈ പദ്ധതി കരാർ പ്രകാരം പൂർത്തിയാക്കുവാൻ സർക്കാരിന്റെ ഭാഗത്തുനിന്നും പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും കരാർ വ്യവസ്ഥ പ്രകാരമുള്ള സർക്കാർ കാര്യങ്ങൾ ചെയ്യുന്നതിനും വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ കമ്പനിയെ സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിനുവേണ്ടി കരാർ വ്യവസ്ഥകൾക്ക് അനുസൃതമായി ഒരു ഓഡിറ്ററേയും ഇൻഡിപെൻഡന്റ് എഞ്ചിനീയറെയും നിയമിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി

178 (186) ശ്രീ. ജോസ് തെറ്റയിൽ :
ശ്രീ. മാത്യു റ്റി. തോമസ് :
ശ്രീമതി ജമീലാ പ്രകാശം :
ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിർദ്ദിഷ്ട വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി പ്രദേശത്ത്നിന്നും തൊഴിലും പാർപ്പിടവും മറ്റ് ജീവിതമാർഗ്ഗങ്ങളും ഉപേക്ഷിച്ച് ഒഴിഞ്ഞുപോകേണ്ടി വരുന്നവർക്ക് നഷ്ടപരിഹാരം നൽകുന്നത് സംബന്ധിച്ചും അവരുടെ പുനരധിവാസം സംബന്ധിച്ചും ഇതുവരെ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(ബി) നിർദ്ദിഷ്ട പദ്ധതിയുടെ കവാടമായി കരുതപ്പെടുന്ന മുല്ലൂരിലും പരിസര പ്രദേശങ്ങളിലുമുള്ള കട്ടമരത്തിൽ പോയി മൽസ്യബന്ധനം നടത്തുന്ന തൊഴിലാളികളുടെ കാര്യത്തിലും കടലിൽ മുങ്ങി പാറയിടുക്കിൽ നിന്നും ചിപ്പിയും, ശംഖും, കല്ലുറാളും മറ്റും ശേഖരിക്കുന്ന തൊഴിലാളികളുടെ കാര്യത്തിലും അവ ചന്തയിൽ കൊണ്ടുപോയി വിൽക്കുന്ന സ്ത്രീകൾ ഉൾപ്പെടെയുള്ള തൊഴിലാളികളുടെ കാര്യത്തിലും, ചെറുകിട കച്ചവടക്കാരുടെയും, തല ചുമടായിനടന്ന് കച്ചവടം നടത്തുന്നവരുടെ കാര്യത്തിലും അവിടെ പ്രവർത്തിക്കുന്ന കുടുംബശ്രീകളുടെ കാര്യത്തിലും, അലക്കു തൊഴിലാളികളുടെ കാര്യത്തിലും, കർഷകരുടെയും കർഷക തൊഴിലാളികളുടെയും കാര്യത്തിലും ഒരു സമഗ്രമായ പാക്കേജിന് രൂപം നൽകി പ്രഖ്യാപിക്കാൻ നാളിതുവരെ സർക്കാരിന് കഴിഞ്ഞിട്ടില്ല എന്ന വസ്തുത കണക്കിലെടുത്ത് ഇത് സംബന്ധിച്ച് ലഭിച്ച പരാതികളുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പരാതികളിന്മേൽ ഇതിനകം എന്ത് നടപടി സ്വീകരിച്ചുവെന്നും ഇനി എന്ത് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്നും വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly